## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :459 — 11.06.2013 - ലെ മറുപടിക്ക്

### സഹകരണ മേഖലയിലെ നൂതന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചക്കും പുരോഗതിക്കുമായി എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കുമായി വായ്പാ മേഖലയിലെ കുടിശ്ശിക കുറയ്ക്കുന്നതിനായി ആശ്വാസ് പദ്ധതി സഹകരണ സംഘങ്ങളുടെ പൊതുവെയുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും അംഗങ്ങളും സംഘങ്ങളുമായിട്ടുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുമുള്ള 'എന്റെ സംഘം' പദ്ധതി, ആഡിറ്റ് ഒബ്ജക്ഷനുകൾ നീക്കം ചെയ്യുന്നതിനായി 'ഉണർവ്' പദ്ധതി സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം നൽകുന്നതിനായി "നിക്ഷേപ സുരക്ഷാ പദ്ധതി", കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ എന്ന സംസ്ഥാന പദ്ധതി, കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം എന്നീ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതോടൊപ്പം വായ്പയെടുത്ത് മരണമടയുന്നവരുടെ വായ്പ ബാധ്യത ഏറ്റെടുക്കുന്ന റിസ്ക് ഫണ്ട് പദ്ധതി നിലവിലുള്ള 1 ലക്ഷം രൂപയിൽ നിന്നും 1.50 ലക്ഷം രൂപയാക്കി ഉയർത്തുകയും മാരക രോഗം പിടിപെട്ട വായ്പക്കാർക്ക് 75,000/- രൂപയുടെ ധനസഹായം നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സഹകരണ |

മേഖലയുടെ പൊതുവായ ഉന്നമനം ലക്ഷ്യമാക്കി, ഏഴാം സഹകരണ കോൺഗ്രസ്സും വിപുലമായ എക്സിബിഷനും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ആഡിറ്റ് കടിശ്ശിക തീർക്കുന്നതിനും, ആഡിറ്റ് കാലാനുസൃതമാക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

ബി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ തലത്തിലും സഹകരണ സംഘം രജിസ്ട്രാർ തലത്തിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങളും, പദ്ധതികളും ആയത് സംബന്ധിച്ച് സർക്കാർ/രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവുകളും ചുവടെ ചേർക്കുന്നു.

1. **ആശ്വാസ് - 2012**
   സഹകരണ സംഘം രജിസ്ട്രാരുടെ 23.06.2012 ലെ 24/2012 നമ്പർ സർക്കുലർ
2. **എന്റെ സംഘം**
   സഹകരണ സംഘം രജിസ്ട്രാരുടെ 31.03.2012 ലെ 12/2012 നമ്പർ സർക്കുലർ
3. **ഉണർവ് (2012)**
   സഹകരണ സംഘം രജിസ്ട്രാരുടെ 05.03.2012 ലെ 9/2012 നമ്പർ സർക്കുലർ
4. **റിസ്ക് ഫണ്ട് പദ്ധതി**
   ജി.ഒ(കൈ)42/2012/സഹ തീയതി 30.03.2012.
5. **കർഷക സേവന കേന്ദ്രങ്ങൾ**
   ജി.ഒ(ആർ.റ്റി)44/2013/സഹ തീയതി 28.01.13
6. **നിക്ഷേപ സുരക്ഷ പദ്ധതി**
   ജി.ഒ(പി)81/2012/സഹ തീയതി 02.07.2012
7. **ആഡിറ്റ് കടിശ്ശിക തീർക്കുന്നതിനും കാലാനുസൃതമാക്കുന്നതിനുമുള്ള പദ്ധതി**
   സഹകരണ സംഘം രജിസ്ട്രാരുടെ 20.02.13 ലെ 13/2013 നമ്പർ സർക്കുലർ
8. **കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തു ന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം (സംസ്ഥാന പദ്ധതി)**
   2013-14 സാമ്പത്തിക വർഷത്തിലെ ഈ പുതിയ പദ്ധതിയുടെ കരട് മാർഗ്ഗരേഖ തയ്യാറാക്കി വരുന്നുണ്ട്.

സി) ഉത്തരവുകൾ നടപ്പിലാക്കിയിട്ടുണ്ടോ; പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സി) ഉത്തരവുകൾ നടപ്പിലാക്കി വരുന്നുണ്ട്. പുരോഗതി വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ആശ്വാസ് 2012**

കേരളത്തിലെ സഹകരണ വായ്പാ സംഘങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും 'കുടിശ്ശിക രഹിത വായ്പ സംഘങ്ങൾ' എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനും അതുവഴി സാധാരണക്കാരായ വായ്പാ കുടിശ്ശികക്കാർക്ക് ഇളവുകൾ അനുവദിച്ചുകൊണ്ട് ആശ്വാസം നൽകുന്നതിനുമായി നടപ്പിലാക്കി വരുന്ന ഒരു കുടിശ്ശിക നിവാരണ പദ്ധതിയാണ് ആശ്വാസ് 2012. കുടിശ്ശികയിനത്തിൽ 1,99,561.16 ലക്ഷം രൂപ പിരിഞ്ഞുകിട്ടുകയും വായ്പക്കാർക്ക് 5,348.38 ലക്ഷം രൂപയുടെ ഇളവുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**എന്റെ സംഘം**

സഹകരണ മേഖലയുടെ സമഗ്രവളർച്ചയും കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം സംഘത്തിലെ അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലാനുസൃതമായ വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ച് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഉണർവ്വ് 2012**

സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തുതീർക്കാതെയും നിന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നിയമാനുസൃതമായി നീക്കം ചെയ്യുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടിയാണ് ഉണർവ് 2012. പ്രസ്തുത പദ്ധതി മുഖേന സഹകരണ സംഘങ്ങളിൽ ദീർഘകാലമായി തുടർ നടപടി ഇല്ലാതെ ആഡിറ്റിൽ തടഞ്ഞിരുന്ന 19,184.12 ലക്ഷം രൂപ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**റിസ്ക് ഫണ്ട് പദ്ധതി**

പ്രസ്തുത പദ്ധതി പ്രകാരം വായ്പയെടുത്ത് മരണ

മടയുന്നവരുടെ 1.50 ലക്ഷം രൂപവരെയുള്ള വായ്പാ ബാധ്യത എഴുതിത്തള്ളുന്നതിനും ക്യാൻസർ, കിഡ്നി, എയിഡ്സ് രോഗി കൾക്കും, ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായ വർക്കും, പരാലിസിസ് ബാധിച്ചവർക്കും ധന സഹായം നൽകുന്നതിനും വായ്പാ ബാധ്യത യിൽ നിന്ന് മുതലിനത്തിൽ 75,000/- രൂപയും പലിശയും എഴുതിത്തള്ളുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കർഷക സേവന കേന്ദ്രങ്ങൾ (സംസ്ഥാന പദ്ധതി)**

പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് 2012-13 വർഷത്തിൽ 40 സംഘങ്ങളെ തെരഞ്ഞെടുക്കുകയും ആകെ 10 കോടി രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**നിക്ഷേപ സുരക്ഷാ പദ്ധതി**

സഹകരണ വായ്പാ മേഖലയിലെ നിക്ഷേപ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഒരു നിക്ഷേപ സുരക്ഷാ ബോർഡ് രൂപീകരി ക്കുകയും 1.50 ലക്ഷം രൂപാവരെയുള്ള നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ആഡിറ്റ് കാലാനുസൃതമാക്കുന്നതിനുള്ള പദ്ധതി**

സംസ്ഥാനത്തിലെ എല്ലാ സഹകരണ സംഘ ങ്ങളുടെയും ആഡിറ്റ് കാലാനുസൃതമാക്കുന്ന തിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

**കാർഷിക വിപണന മേഖലയെ ശക്തി പ്പെടുത്തുന്നതിന് സഹകരണ സ്ഥാപന ങ്ങൾക്കുള്ള ധനസഹായം (സംസ്ഥാന പദ്ധതി)**

2013-14 സാമ്പത്തിക വർഷത്തിലെ ഈ നൂതന പദ്ധതിയുടെ കരട് മാർഗ്ഗരേഖ തയ്യാറാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ